**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 167</u> <u>22.03.2012 ൽ മറുപടിക്ക്</u>

<u>പോലീസ് സ്റ്റേഷനുകളിൽ വയോജന ബ്യൂറോ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, എം.പി. വിൻസെന്റ്<br>,, വർക്കല കഹാർ | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പ്രായാധിക്യത്താൽ വലയുന്ന വരുടേയും ആലംബമറ്റ വൃദ്ധ ജനങ്ങളുടേയും സുരക്ഷ മുൻനിർത്തി എന്തെല്ലാം കർമ്മ പരിപാടികളാണ് ആഭ്യന്തര വകുപ്പ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (എ) മുതിർന്ന പൗരൻമാരുടെയും രക്ഷിതാക്കളുടെയും സുരക്ഷയും ക്ഷേമവും മുൻനിർത്തി കേന്ദ്ര സർക്കാർ പാസാക്കിയ മെയിന്റനൻസ് ആന്റ് വെൽഫെയൽ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് നിയമം 2007 ന്റെ അടിസ്ഥാനത്തിൽ 2009 ൽ കേരളത്തിൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ 20-ാം വകുപ്പുപ്രകാരം വൃദ്ധ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഇതിനായി പോലീസ് ആസ്ഥാനത്ത് സംസ്ഥാനതല ബ്യൂറോ സ്ഥാപിക്കുന്നതിനും ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ തല ബ്യൂറോ സ്ഥാപിക്കുന്നതിനും ജില്ലാ പോലീസ് കൺട്രോൾ റൂമുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക ഹെൽപ് ലൈനുകൾ സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 10 ജില്ലാ പോലീസ് കൺട്രോൾ റൂമുകളിൽ ഹെൽപ് ലൈൻ തുടങ്ങുന്നതിനും തെരഞ്ഞെടുത്ത 230 പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി പോലീസ് സ്റ്റേഷനുകളിൽ വയോജനബ്യൂറോ തുടങ്ങുന്ന കാര്യം പരിശോധിക്കുമോ; | (ബി) തെരഞ്ഞെടുത്ത 230 പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ബ്യൂറോയുടെ പ്രവർത്തന രീതി എങ്ങനെയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഓരോ പോലീസ് സ്റ്റേഷനുകളിലും വൃദ്ധ ജനങ്ങളുടെയും നിരാലംബരായ മുതിർന്ന പൗരൻമാരുടെയും പേരു വിവരങ്ങളും, ഫോൺ നമ്പരുകളും മറ്റ് വിശദാംശങ്ങളുമടങ്ങുന്ന "Register of Senior Citizen" എന്ന ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക, മാസത്തിലൊരിക്കൽ അതാത് പോലീസ് സ്റ്റേഷനുകളിൽ നിന്നും പൊതുപ്രവർത്തകരുടെ സഹകരണത്തോടെ ഇത്തരത്തിൽ നിരാലംബരായ ആളുകളെ പോലീസ് സന്ദർശിക്കുകയും സുരക്ഷയ്ക്കാവശ്യം വേണ്ടുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുക. കൂടാതെ മുതിർന്ന പൗരൻമാർക്കെതിരെ നടന്ന കുറ്റ കൃത്യങ്ങളുടെ വിശദാംശങ്ങളടങ്ങുന്ന "Register of Offences against Senior Citizens" എന്ന രജിസ്റ്ററും പോലീസ് സ്റ്റേഷനുകളിൽ തയ്യാറാക്കി സൂക്ഷിക്കുക, എല്ലാ പോലീസ് സ്റ്റേഷനുകളും ഇത്തരം കേസുകളുടെ വിശദാംശങ്ങളടങ്ങുന്ന ഒരു റിപ്പോർട്ട് എല്ലാ മാസവും അതാത് ജില്ലാ പോലീസ് മേധാവികൾക്ക് അയയ്ക്കുകയും ജില്ലാ പോലീസ് മേധാവിമാർ അത് പരിശോധിച്ചതിന് ശേഷം മുൻമാസങ്ങളിലെ കേസുകളുടെ വിശദാംശങ്ങളും അവയുടെ അന്വേഷണ പുരോഗതിയും എടുത്തിട്ടുള്ള പ്രതിരോധ നടപടികളെയും കുറിച്ച് പ്രതിപാദിക്കുന്ന വിശദമായ ഒരു റിപ്പോർട്ട് പോലീസ് ആസ്ഥാനത്തിലേക്കും, അതാത് ജില്ലാ മജിസ്ട്രേറ്റിനും അയയ്ക്കുകയും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്ത് നിന്നും സർക്കാരിലേക്ക് റിപ്പോർട്ട് അയക്കുക എന്നിവയാണ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ